# പെപ്സി പരസ്യം നിയമ വിരുദ്ധം

ഒരു ലക്ഷം രൂപ സമ്മാനം പ്രഖ്യാപിക്കുന്ന ഒരു പെപ്സികോ പരസ്യം ഈയിടെ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. നിങ്ങൾ വാങ്ങുന്ന പെപ്സികുപ്പികളുടെ അടപ്പിനുള്ളിൽ ഒരു നമ്പർ കണ്ടേക്കും. ഒരു പ്രത്യേക നമ്പറുള്ള അടപ്പ് ഹാജരാക്കുന്നവർക്ക് ഒരു ലക്ഷം രൂപ ഇനാം നൽകുമെന്നാണ് പരസ്യത്തിൽ പറയുന്നത്. നിശ്ചിത നമ്പറിന്റെ അവസാന രണ്ടക്കം തുല്യമാകുന്ന നമ്പറിനും സമ്മാനമുണ്ട്. 10000 ക. ഓരോ രണ്ടാഴ്ചകൂടുമ്പോഴും ഈ നമ്പറുകൾ മാറുന്നു. ഈ പരസ്യം 1981-ൽ ഭേദഗതിചെയ്ത തമിഴ്നാട് പ്രൈസ്സ്കീം നിരോധന നിയമത്തിന്റെ വ്യവസ്ഥക്കെതിരാണെന്ന് തമിഴ്നാട് ഹൈക്കോടതിയിൽ പരാതി വന്നിരിക്കുന്നു. പരാതിക്കാരൻ സെയ്ദാപ്പേട്ടിലെ ബി.ശിവ എന്നൊരാളാണ്. ഉപഭോക്താക്കളെ ആവശ്യത്തിൽ കൂടുതൽ വാങ്ങാൻ പ്രേരിപ്പിച്ച് കൊള്ളലാഭമുണ്ടാക്കാൻ നോക്കുന്ന ഈ പരസ്യം ചൂതാട്ടത്തിനു തുല്യമാണെന്നാണ് ശിവ വാദിക്കുന്നത്.

പരാതി ഫയലിൽ സ്വീകരിച്ച് പെപ്സികോ ഇന്ത്യക്കു നോട്ടീസയയ്ക്കാൻ തമിഴ്നാട് ഹൈക്കോടതി ജസ്റ്റിസ് ബി. രാമമൂർത്തി ഉത്തരവിട്ടിരിക്കുന്നു. പരസ്യത്തിന് ഇടക്കാല നിരോധനമേർപ്പെടുത്തിയിട്ടുണ്ട്.